(ബി) കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുടെ കെട്ടിട നിർമ്മാണം അവസാനഘട്ടത്തിലാണ്.

"സ്കൂൾ കുട്ടികൾക്കുള്ള പാൽവിതരണം"

70 (2548) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലിന്റെ വില ഇനിയും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വിലവർദ്ധനവുമൂലം കുട്ടികൾക്ക് പോഷകാഹാരക്കുറവിന് സാധ്യതയുള്ളതിനാൽ സബ്സിഡി നിരക്കിൽ പാൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) സ്കൂൾ കുട്ടികൾക്കു നൽകുന്ന പാൽ ആഴ്ചയിലൊരു ദിവസമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി പാൽ നൽകുന്ന പദ്ധതി നിലവിലുണ്ട്.

(സി) ഇല്ല.

ക്ഷീര സഹകരണസംഘങ്ങൾ നൽകിവരുന്ന സേവനങ്ങൾ

71 (2549) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്ഷീര കർഷകരിൽ നിന്നും ഗുണമേന്മ പരിശോധിച്ച് പാൽ സംഭരിക്കുന്നതിന് ആവശ്യമായ എന്തൊക്കെ ആധുനിക സംവിധാനങ്ങളാണ് ക്ഷീര സഹകരണസംഘങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ക്ഷീര കർഷകർക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കാനായി ക്ഷീര സഹകരണസംഘങ്ങൾ എന്തൊക്കെ സേവനങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷീര കർഷക ക്ഷേമനിധിയിൽ കൂടുതൽ ക്ഷീര കർഷകരെ ഉൾപ്പെടുത്താനും അവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാനും പുതിയ എന്തൊക്കെ പാക്കേജുകൾ നടപ്പിലാക്കണമെന്ന നിർദ്ദേശങ്ങളാണ് ഇപ്പോൾ പരിഗണനയിലുള്ളത് ;

ഉത്തരം

(എ) ക്ഷീരസഹകരണ സംഘങ്ങളിൽ പാലിന്റെ ഗുണമേന്മ പരിശോധിച്ച് വില നിർണ്ണയിക്കുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പാലിന്റെ കൊഴുപ്പ്, കൊഴുപ്പിതര വസ്തുക്കൾ എന്നിവ കണ്ടുപിടിക്കുന്നതിനു വേണ്ടി സെൻട്രിഫ്യൂജ്, ലാക്ടോമീറ്റർ, മിൽക്കോ ടെസ്റ്റർ തുടങ്ങിയ ഉപകരണങ്ങളും ആവശ്യമായ രാസവസ്തുക്കളും ക്ഷീരസംഘങ്ങളിൽ ഉണ്ട്. 300 ലിറ്റർ പാലിൽ കൂടുതൽ സംഭരിക്കുന്ന മിക്ക ക്ഷീരസംഘങ്ങളിലും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് ഉൾപ്പെടെയുള്ള കമ്പ്യൂട്ടർ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. പാൽ അളക്കുന്ന സമയത്തു തന്നെ ഫാറ്റ് കണ്ടുപിടിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ എസ്.എൻ.എഫ്. കണക്കാക്കി പാൽ വില നിർണ്ണയിച്ച് പ്രിന്റ് ചെയ്ത് നൽകുന്ന എ.എം.സി.യു. സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ക്ഷീരസഹകരണ സംഘങ്ങൾ ക്ഷീരകർഷകർക്ക് പാൽവില കൃത്യമായി ലഭ്യമാക്കുന്നതോടൊപ്പം പശുക്കളെ വാങ്ങുന്നതിന് വായ്പ സൗകര്യങ്ങൾ ലഭ്യമാക്കുകയും കൂടാതെ, കാലിത്തീറ്റ, തീറ്റപ്പുൽ വിത്ത്, വൈറ്റമിൻ എന്നിവയും സംഘങ്ങളിലൂടെ ക്ഷീര കർഷകർക്ക് നൽകുന്നു. ക്ഷീര സഹകരണ സംഘങ്ങൾ സംഘം ബൈലാ പ്രകാരമുള്ള വിദ്യാഭ്യാസ ധനസഹായം, ബോണസ്, കാലിത്തൊഴുത്ത് നിർമ്മാണം, വിവാഹ ധനസഹായം തുടങ്ങിയവ നൽകിവരുന്നു. വകുപ്പിൽ നിന്നും ക്ഷീരസംഘങ്ങൾ മുഖാന്തിരം എം.എസ്.ഡി.പി., കാലിത്തീറ്റ സബ്സിഡി പദ്ധതി, പുൽക്കൃഷി പദ്ധതി എന്നിവ നടപ്പിലാക്കാനും, വൈറ്റമിൻ സപ്ലിമെന്റ് വിതരണം നടത്തുവാനും ക്ഷീരകർഷക ക്ഷേമ നിധിയിൽ അംഗമാക്കി പെൻഷനും മറ്റ് ക്ഷേമ പദ്ധതികൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും ലഭ്യമാക്കുവാനും സഹായിക്കുന്നു.

(സി) ക്ഷീരകർഷകർക്ക് 2 രൂപയ്ക്ക് അരി നൽകുന്ന പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു. ക്ഷീരകർഷക പെൻഷൻ 300 രൂപയിൽ നിന്നും 400 രൂപയും കുടുംബ പെൻഷൻ 150 രൂപയിൽ നിന്നും 200 രൂപയും ആക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരകർഷകർക്ക് നൽകാനുദ്ദേശിക്കുന്ന ആനുകൂല്യങ്ങൾ

72 (2550) ശ്രീ. യു. സി. രാമൻ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീര കർഷകർക്ക് എന്തൊക്കെ പുതിയ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly